**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6755** **11-07-2024 - ൽ മറുപടിയ്ക്ക്**

**പീരുമേട് പരുന്തുംപാറ വിനോദസഞ്ചാര പ്രദേശത്തെ കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പീരുമേട് താലൂക്കിൽ പരുന്തുംപാറ വിനോദസഞ്ചാര മേഖല പ്രദേശത്ത് സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയ റവന്യൂഭൂമി തിരിച്ചുപിടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | പീരുമേട് താലൂക്കിൽ പരുന്തുംപാറ വിനോദ സഞ്ചാര മേഖലയിൽപ്പെട്ട സർക്കാർ ഭൂമിയിൽ സ്വകാര്യ വ്യക്തികളുടെ കൈയ്യേറ്റം കണ്ടെത്തുന്നതിന് മഞ്ചുമല, പീരുമേട് വില്ലേജാഫീസർമാരുടെയും മഞ്ചുമല, പീരുമേട് വില്ലേജുകളുടെ ചാർജ്ജാഫീസർമാരായ ഡെപ്യൂട്ടി തഹസിൽദാർമാരുടേയും നേതൃത്വത്തിൽ സംയുക്തപരിശോധനകൾ നടന്നുവരുന്നു. ഈ പരിശോധനയിൽ മഞ്ചുമല വില്ലേജിലെ സർവെ നമ്പർ 441-ൽപ്പെട്ട ഉദ്ദേശം 6.0729 ഹെക്ടർ (15 ഏക്കർ) സർക്കാർ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ വക ഭൂമിയെന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. പീരുമേട് വില്ലേജിലെ സർവെ നമ്പർ 534-ൽപ്പെട്ട ഉദ്ദേശം 10.7294 ഹെക്ടർ (25.50 ഏക്കർ) സർക്കാർ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ വക ഭൂമിയെന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ പീരുമേട് മഞ്ചുമല വില്ലേജുകളിലായി കൈയ്യേറ്റം കണ്ടെത്തിയ 16.8023 ഹെക്ടർ സർക്കാർ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ച് തിരിച്ചുപിടിച്ചിട്ടുണ്ട്. വലിയ ഭൂപ്രദേശമായതിനാൽ കൈയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശോധന നടപടികൾ നിലവിൽ നടന്നുവരുന്നു. |
| (ബി) | എത്ര ഏക്കർ സർക്കാർ ഭൂമിയാണ് സ്വകാര്യ വ്യക്തികൾ കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | പീരുമേട് താലൂക്കിൽ പരുന്തുംപാറ വിനോദ സഞ്ചാര മേഖലയിൽപ്പെട്ട സർക്കാർ ഭൂമിയിൽ സ്വകാര്യ വ്യക്തികളുടെ കൈയ്യേറ്റം കണ്ടെത്തുന്നതിന് മഞ്ചുമല, പീരുമേട് വില്ലേജാഫീസർമാരുടെയും മഞ്ചുമല, പീരുമേട് വില്ലേജുകളുടെ ചാർജ്ജാഫീസർമാരായ ഡെപ്യൂട്ടി തഹസിൽദാർമാരുടേയും നേതൃത്വത്തിൽ സംയുക്തപരിശോധനകൾ നടന്നുവരുന്നു. ഈ പരിശോധനയിൽ മഞ്ചുമല വില്ലേജിലെ സർവെ നമ്പർ 441-ൽപ്പെട്ട ഉദ്ദേശം 6.0729 ഹെക്ടർ (15 ഏക്കർ) സർക്കാർ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ വക ഭൂമിയെന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. പീരുമേട് വില്ലേജിലെ സർവെ നമ്പർ 534 -ൽ പ്പെട്ട |

| | | | |
|---|---|---|---|
| | | | ഉദ്ദേശം 10.7294 ഹെക്ടർ (25.50 ഏക്കർ) സർക്കാർ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ വക ഭൂമിയെന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ പീരുമേട് മഞ്ചുമല വില്ലേജുകളിലായി കൈയ്യേറ്റം കണ്ടെത്തിയ 16.8023 ഹെക്ടർ സർക്കാർ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ച് തിരിച്ചുപിടിച്ചിട്ടുണ്ട്. വലിയ ഭൂപ്രദേശമായതിനാൽ കൈയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശോധന നടപടികൾ നിലവിൽ നടന്നുവരുന്നു. |
| (സി) | മഞ്ചുമല വില്ലേജിലും പീരുമേട് വില്ലേജിലും ഡിജിറ്റൽ സർവേ പൂർത്തിയാക്കിയ സാഹചര്യത്തിൽ സർക്കാർ ഭൂമിയും സ്വകാര്യ വ്യക്തികളുടെ ഭൂമിയും വനംവകുപ്പിന്റെ ഭൂമിയും വ്യക്തമായി രേഖപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പീരുമേട് വില്ലേജിൽ ഡിജിറ്റൽ സർവെ നടപടികൾ ആരംഭിച്ചിട്ടില്ല. മഞ്ചുമല വില്ലേജിൽ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയായിട്ടുണ്ടെങ്കിലും 9(2) നോട്ടീസ് പ്രസിദ്ധീകരിച്ച ഘട്ടംവരെയെ എത്തിയിട്ടുള്ളൂ. അതിന്മേൽ പൊതുജനങ്ങളിൽ നിന്നും ആക്ഷേപങ്ങൾ സ്വീകരിച്ച് 13 (2) റൂൾ പ്രകാരമുള്ള നോട്ടീസ് പ്രസിദ്ധീകരിച്ച് സർവെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയാൽ പൂർണ്ണമായ കണക്കുകൾ തിട്ടപ്പെടുത്തുവാൻ സാധിക്കുന്നതാണ്. |
| (ഡി) | മഞ്ചുമല വില്ലേജിലെ 441, 182 സർവെ നമ്പറിൽപ്പെടുന്ന ഭൂമിയിൽ വനംവകുപ്പിനും റവന്യൂ വകുപ്പിനും എത്ര ഹെക്ടർ സ്ഥലമാണ് കൈവശമുള്ളത്; ആയത് സംബന്ധിച്ച് വ്യക്തമായ രേഖകൾ കൈവശമുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ? | (ഡി) | നിലവിലെ സർവെ റിക്കാർഡുകൾ പ്രകാരം മഞ്ചുമല വില്ലേജിൽ സർവെ നമ്പർ 182-ൽ 186.6041 ഹെക്ടർ ഭൂമിയും, സർവെ നമ്പർ 441-ൽ 3997.6487 ഹെക്ടർ ഭൂമിയും ഉള്ളതായി കാണുന്നു. ഈ രണ്ട് സർവേ നമ്പറുകളിലും നിരവധി പട്ടയവസ്തുക്കൾ ഉള്ളതും കാർഡമം കുത്തകപ്പാട്ട ഭൂമിയുള്ളതുമാണ്. ഡിജിറ്റൽ സർവെ പൂർത്തീകരിച്ച് 13 (2) റൂൾ പ്രകാരമുള്ള നോട്ടീസ് പ്രസിദ്ധീകരിച്ചാൽ മാത്രമേ നാളതികരിച്ച സർവെ കണക്കുകൾ റവന്യൂ ഭരണത്തിന് സജ്ജമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ